പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2050 22.01.2014 ൽ മറുപടി പറയേണ്ടിയിരുന്നത്

## 'നിർഭയകേരളം' പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. അച്ചുതൻ<br>,, ബെന്നി ബെഹനാൻ<br>,, വി. ഡി. സതീശൻ<br>,, സണ്ണി ജോസഫ് | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്ത് ആഭ്യന്തരവകുപ്പ് 'നിർഭയകേരളം' പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 'നിർഭയകേരളം സുരക്ഷിത കേരളം' എന്ന പദ്ധതി സ്ത്രീകളുടെ സുരക്ഷക്കായി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പൈലറ്റ് പ്രോജക്ട് എറണാകുളം ജില്ലയിൽ ആരംഭിക്കുന്നതിന് (08.05.2014 ലെ G.O (Rt) 1327/2014/Home നമ്പർ) ഉത്തരവായിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) യും (സി) യും | ടി പദ്ധതി മുഖേന താഴെപറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br>a) സ്കൂൾ /കോളേജ് ക്ലബ്ബുകൾ മുഖാന്തിരം കുട്ടികൾക്ക് ബോധവൽക്കരണത്തോടൊപ്പം സ്വാഭാവ രൂപീകരണത്തിനായുള്ള ട്രെയിനിംഗ് നൽകുക.<br>b) സ്ത്രീകൾക്കും കുട്ടികൾക്കും 'Self Defence Training' നൽകുക<br>c) കുറ്റങ്ങൾ തടയാൻ 'നിർഭയ ഓൺലൈൻ സർവെലൻസ് പോർട്ടൽ' നിർമ്മിക്കുക.<br>d) 'നിർഭയ' വോളണ്ടിയർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുക<br>e) സൈബർമേഖലയിലെ അപകടങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കാൻ |
| (സി) | സംസ്ഥാനത്തെ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | | |

സ്ത്രീകളെയും കുട്ടികളെയും പ്രാപ്തരാക്കുക.

f) ട്രെയിനുകളിലും ബസുകളിലും മറ്റു വാഹനങ്ങളിലും യാത്രചെയ്യുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുക.

g) നിർഭയ കാൾസെന്ററിന് രൂപം കൊടുക്കുക.

h) ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകൾ ശക്തിപ്പെടുത്തുക.

i) അപകടത്തിൽപ്പെടുന്ന/ അപായങ്ങളിൽപ്പെടുന്ന സ്ത്രീസമൂഹത്തെ രക്ഷപ്പെടുത്തി പുനരധിവാസം ഒരുക്കുക

j) കേരള പോലീസിൽ ഒരു വനിതാ ബറ്റാലിയൻ രൂപീകരിക്കുക.

(ഡി) പ്രസ്തുത പദ്ധതി രൂപീകരണത്തിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) ടി പദ്ധതിയുടെ വിജയകരമായ പ്രവർത്തനങ്ങൾക്ക് 2014 ഫെബ്രുവരി 15-ാം തീയതി തുടക്കം കുറിച്ചിരുന്നു. സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ പൈലറ്റ് പ്രോജക്ട് തുടങ്ങുവാനും ടി പ്രോജക്ടുമായി ബന്ധപ്പെട്ട് വോളണ്ടിയർമാരെ തെരഞ്ഞെടുക്കുവാനും നടപടികൾ തുടങ്ങിയിട്ടുണ്ട്. ഇതിനായി നിർഭയ നോഡൽ ഓഫീസർ, എറണാകുളം ജില്ലാ കളക്ടർ, എറണാകുളം സിറ്റി പോലീസ് കമ്മീഷണർ എന്നിവരുൾപ്പെട്ട ഒരു കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

സെക്ഷൻഓഫീസർ